പതിമൂന്നാം കേരള നിയമസഭ

പതിനാലാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.931.. 30.06.2015 ന് മറുപടിയ്ക്ക്.

## സർക്കാർ ഐ.ടി ഐ കളിൽ പുതിയ കോഴ്സുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി ഐ.കളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; ഈ വർഷം ഏതെല്ലാം ഐ.ടി ഐ. കളിലാണ് പുതിയ കോഴ്സുകൾ തുടങ്ങിയിരിക്കുന്നത്; | (എ) ഇരുപതോളം ട്രേഡുകൾ 2015 വിദ്യാഭ്യാസ വർഷം മുതൽ ഡി.ജി.ഇ. & റ്റി നിർത്തൽ ചെയ്യുന്നതിനാൽ, സംസ്ഥാനത്തെ സർക്കാർ ഐ.ടി ഐ. കളിൽ ഇപ്പോൾ നിലവിലുള്ള ടി. ട്രേഡുകൾക്ക് പകരം പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ധനുവച്ചപുരം, ചാക്ക, കഴക്കൂട്ടം (വനിത), ആറ്റിങ്ങൽ, കൊല്ലം, കൊല്ലം (വനിത), ബി.റ്റി.സി, കൊല്ലം, ഇളമാട്, ചെന്നീർക്കര, ചെങ്ങന്നൂർ, ചെങ്ങന്നൂർ (വനിത). ഏറ്റുമാനൂർ, പെരുവ, പള്ളിക്കത്തോട്, കട്ടപ്പന, കളമശ്ശേരി, ചാലക്കുടി, മാള, മലമ്പുഴ, മലമ്പുഴ (വനിത). അരീക്കോട്, കോഴിക്കോട്, കോഴിക്കോട് (വനിത), കൊയിലാണ്ടി, കണ്ണൂർ, കണ്ണൂർ (വനിത), മാടായി, കയ്യൂർ, കാസർഗോഡ് എന്നീ ഐ. ടി. ഐ. കളിലാണ് ഇത്തരത്തിൽ പുതിയ ട്രേഡുകൾ ആരംഭിക്കുവാൻ ലക്ഷ്യം വയ്ക്കുന്നത്. |
| (ബി) സർക്കാർ ഐ.ടി.ഐ. കളിലെ കോഴ്സുകളുടെ പാഠ്യപദ്ധതി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കോഴ്സുകളുടെ പാഠ്യപദ്ധതിയാണ് പരിഷ്കരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) സർക്കാർ ഐ.ടി ഐ .കളിലെ ട്രേഡുകളുടെ പാഠ്യപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് (ഡി.ജി.ഇ.&റ്റി) ആണ്. കാലാകാലങ്ങളിൽ പാഠ്യപദ്ധതിയിൽ ആവശ്യമായ പരിഷ്കരണങ്ങൾ ഡി.ജി.ഇ.&റ്റി വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ